"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2025 ജനുവരി 25 മുതൽ 25 ദിവസത്തോളം നടന്ന വണ്ട്യായി മുകുന്ദൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റിനു വിനോദ നികുതി ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(സാധാ) നം.799/2025/LSGD തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:- 1. കൂത്തുപറമ്പ് നഗരസഭ ചെയർപേഴ്സന്റെ അപേക്ഷ

2. കൂത്തുപറമ്പ് നഗരസഭ ഭരണ സമിതിയുടെ 24.01.2025 ലെ തീയതിയിലെ 8/25 നമ്പർ തീരുമാനം

**ഉത്തരവ്**

2025 ജനുവരി 25 മുതൽ 25 ദിവസത്തോളം കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ വണ്ട്യായി മുകുന്ദൻ മെമ്മോറിയൽ അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണമെന്റ് നടത്തി വരികയാണെന്നും ഫുട്ബോൾ മേഖലയിലെ കുട്ടികളെ വളർത്തിയെടുക്കാനും ലഹരിക്കെതിരെയുള്ള ക്യാമ്പയിൻ തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക വേണ്ടി ധനശേഖരാണർത്ഥമാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും കൂത്തുപറമ്പ് നഗരസഭ ചെയർപേഴ്സൺ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം പരിഗണിച്ച കൂത്തുപറമ്പ് നഗരസഭ ഭരണസമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദ നികുതി ഒഴിവാക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒരു പൊതു ആവശ്യത്തിന് വേണ്ടിയുള്ള ധനശേഖരാണർത്ഥമാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്ന പരാമർശം ഒന്നിലെ ചെയർപേഴ്സന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഈ വിഷയത്തിന്മേൽ പരാമർശം രണ്ട് പ്രകാരം കൂത്തുപറമ്പ് നഗരസഭ ഭരണസമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലും കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2025 ജനുവരി 25 മുതൽ 25 ദിവസത്തോളം നടന്ന വണ്ട്യായി മുകുന്ദൻ മെമ്മോറിയൽ അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിന് ഈടാക്കുന്ന വിനോദ നികുതിക്ക്, Kerala Local Authorities Entertainments Act, Section 7 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വിനോദ നികുതിയുടെ കുറഞ്ഞ നിരക്കിന്റെ 50% ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 26-03-2025 11:03:32

സെക്ഷൻ ഓഫീസർ